

# ഡിജിതാൾ

(ഡിജിറ്റൽ മാഗസിൻ)

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ഗവ:ഹയർ സെക്കൻഡറി സ്കൂൾ മാറഞ്ചേരി



# ആമുഖം

മാറഞ്ചേരി ഗവ:ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള താണ് ഈ മാഗസിൻ.

2018 ജൂലൈ മാസം പ്രവർത്തനം ആരംഭിച്ച യൂണിറ്റിൽ 40 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും സ്കൂൾ സാഹിത്യ ക്ലബിന്റെയും സഹകരണത്തോടെയാണ് ഈ മാഗസിൻ പൂർത്തിയാക്കിയത്.

പത്രാധിപസമിതി

# ജി.എച്ച്.എസ്.എസ് മാറഞ്ചേരി
# ചരിത്ര വീഥികളിലൂടെ

ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ചരിത്ര സ്മരണകളുറങ്ങുന്ന മണ്ണിൽ കണ്ണേങ്കലത്ത തറവാട്ടുകാരിൽ നിന്നും ദാനം കിട്ടിയ സ്ഥലത്ത്(ഒരേക്കർ ഇരുപത്തിരണ്ട സെന്റ്) എകദേശം നൂറ് വർഷം മുമ്പ് 1917-ൽ മാറഞ്ചേരി ഗവ:സ്കൂളിന് തുടക്കം കുറിച്ചു.അന്ന് 'ബോർഡ് എലിമെന്ററി സ്കൂൾ, പൊന്നാനി താലൂക്ക് ' എന്നായിരുന്നു പേര്.

ആദ്യനാളുകളിൽ കേവലം 3 ആദ്ധ്യാപകരാണ് സ്കൂളിനെ നയിച്ചിരുന്നത്. 'അടിയോടി മാസ്റ്റർ സ്കൂൾ' എന്ന് നാട്ടുകാൻ വിളിച്ചിരുന്ന സ്കൂൾ ക്രമേണ ലോവർ പ്രൈമറിയായും അപ്പർ പ്രൈമറിയായും ഉയർന്നു. പയ്യമ്പള്ളി മുഹമ്മദ്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ ഈ കാലയളവിലുണ്ടായ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ ആലോചനാ യോഗങ്ങൾ ഇത് ഹൈസ്കൂളായി ഉയർത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടി. സ്കൂളിനോട് ചേർന്നുള്ള നാല് ഏക്കർ ഏഴ് സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ 21,700 രൂപ സ്കൂൾ സ്പോൺസറിങ്ങ് കമ്മറ്റി വഹിക്കണമെന്നും ആറ് ക്ലാസ് മുറികളുള്ള സെമി പെർമനെന്റ് കെട്ടിടങ്ങളും ഉപകരണങ്ങളും പി.ടി.എ നൽകണമെന്നുള്ള കരാർ വ്യവസ്ഥയിൽ വൈകാതെ ഇത് ഹൈസ്കൂളായി മാറി. ഇ.കൊച്ചുകുട്ടൻ രാജയായിരുന്നു ആദ്യ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ. ക്ലാസ് മുറികളും ഉപകരണങ്ങളും പ്രാവർത്തികമായെങ്കിലും സ്ഥലമെടുക്കൽ നടപ്പിലായില്ല.

പൂക്കയിൽ മുസ്തഫ എന്ന ഉദാരമതിയായ വ്യക്തി രണ്ട് ക്ലാസ്മുറികൾ സംഭാവന ചെയ്തതോടെ മാറഞ്ചേരിയുടെ ഭൗതിക പുരോഗതിക്ക് തുടക്കമായി.അബുദാബി സാധുസംരക്ഷണ സമിതിയും, കെ.എം.ടെഡേഴ്സും നീട്ടിയ സഹായ സഹകരണങ്ങളിലൂടെ ക്ലാസ്സുറികളുടെ എണ്ണം കൂടി.

പിന്നീട് 1998 ൽ ഹയർ സെക്കണ്ടറിയായി ഉയർന്നതോടെ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീമാൻ സി.സി.ചെറിയാൻ മാസ്റ്റർ ആദ്യ പ്രിൻസിപ്പാളായി.പി.ടി.എ യിടെയും ജനകീയ ആസൂത്രണ പദ്ധതിയുടെയും പിന്തുണയോടെ,ചെറുപ്പക്കാരായ കുറേ അദ്ധ്യാപകരുടെ കർമോത്സുകതയും ചെറിയാൻ മാസ്റ്ററുടെ നേതൃത്വവും കൂടിച്ചേർന്നപ്പോൾ മാറഞ്ചേരി ഗവ:സ്കൂളിന്റെ മുഖഛായ തന്നെ മാറി. ഏറ്റവും നല്ല പി.ടി.എ.ക്കുള്ള 'സി.എച്ച്. മുഹമ്മദ്കോയ അവാർഡ്" മാറഞ്ചേരി സ്കൂളിന് ലഭിച്ചു. അന്നത്തെ പി.ടി.എ.പ്രസിഡന്റ് ശ്രീമാൻ ഇസ്മയീൽ മാസ്റ്ററായിരുന്നു. എസ്.എസ്എൽ.സി വിജയശതമാനം 13 ൽ നിന്നും 42 ലേക്ക് കുതിച്ചുയർന്നു.

ഇന്ന്, സകൂൾ നേട്ടത്തിന്റെ പാതയിലാണ്. 2017 – 18 അക്കാദമിക് വർഷം SSLC പരീക്ഷയിൽ 98 ശതമാനം വിജയം നേടുകയും 30 ൽ അതികം പേർക്ക് പേർക്ക് മുഴുവൻ വിഷയങ്ങളിലും A+ ലഭിച്ചു. ഹൈടെക്ക് പാഠ്യപദ്ധതിയുടെ ഭാഗമായി 10 പ്രൊജക്ടറുകളും 20 ലാപ്ടോപ്പുകളും ലഭിച്ചു. 3.75 കോടി രൂപ ചെലവഴിച്ച് നിർമിക്കുന്ന ഹൈടെക് ക്ലാസമുറികളോട്ടുകൂടിയ കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായി വരുന്നു. വെറും 1 എക്കർ 33 സെന്റിൽ സ്ഥിതിച്ചെയ്യുന്ന സ്കൂളിൽ 3500 ൽ അധികം കുട്ടികൾ പഠിക്കുന്നുണ്ട്. സ്ഥലപരിമിതിയെ മറികടന്ന് പുതിയ ചരിത്രം സൃഷ്ടിക്കാനുള്ള തീവ്ര ശ്രമത്തിലാണ് മാറഞ്ചേരി ഗവ:ഹയർ സെക്കന്ററി സ്കൂൾ.



# പുലരിയും ഞാനും

പുലരിതൻ വേളയിൽ ഞാനുണർന്നു
ചെറുകിളി കൊഞ്ചൽകേട്ട്
മഞ്ഞിൻ തണുപ്പിൽ മുറ്റത്തേക്കിറങ്ങി ഞാൻ
മുറ്റത്തെ പുൽത്തകിടിൽ ഒരു മഞ്ഞുത്തുള്ളിപ്പോൽ
പുൽത്തകിടിൽ എൻ പാദങ്ങൾവെച്ചു ഞാൻ
എൻ പാദങ്ങൾ മെല്ലെ കോരിത്തരിച്ചു
മനോഹരമാം ഒരു മരത്തിലേക്ക് നോക്കി ഞാൻ
പക്ഷികളുടെ മധുരമാം കള കള ശബ്ദം കേൾക്കെ
ആർത്തു രസിച്ചു മഞ്ഞുതണുപ്പിൽ ഞാൻ
ഉല്ലസിച്ചീടും പിഞ്ചുപൈതങ്ങളായ് പൂ
ക്കളും നല്ലൊരു കാറ്റതാ പുഞ്ചിരിച്ചോടിപ്പോയ്
മേഘങ്ങൾ വന്നു ചെറുപഞ്ചിരിയോടതാ
മാഞ്ഞു പോയ് എങ്ങോ ദൂരെ...ദൂരെ

ലിയ തെസ്നി.വി.പി 9 K



## തനിയെ

ഒരു ദിനം വരും നമ്മുടെ മുന്നിൽ

ഇനി കാണില്ല ഒന്നും തന്നെ ലോകം

ആരും അറിയാതെ പിന്നിൽ പിടിക്കു

ന്നേരം രക്ഷയായി കൈ ചോദിക്കുന്നു

ഇല്ല! ആരും സഹായത്തിനായ്

നാം എല്ലാം നേരിടണം തനിയെ

റുബീന 9 K

# അശാന്തതയിലെ നിർവൃതി

ചേമ്പിലത്തണ്ടിലെ ഒരു തുള്ളി വെള്ള-

മായിരുന്നു എൻ ഭൂമി.....
യശസ്സുയർത്തിയ കാട്ടാളന്മാർ
വന്നതിനെ തട്ടിത്തെറിപ്പിച്ചു
ആ തുള്ളിയിറ്റി പൊടിമണ്ണിലേക്ക്
പുതുമഴയുടെ ഗന്ധമാർന്നതിലവളലിഞ്ഞു
മകരമാസകുളിരുകൊണ്ടവളുണർന്നു
ആ കുളിരിലൊരുകനൽ പൊരിഞ്ഞതവളറിഞ്ഞില്ല

ഭീകരയന്ത്രങ്ങൾ അവളെതട്ടി വികസന -
മെന്നപേരിൽ ഉൾകടലിലേക്ക്
അവൾ തീരായാത്രക്കൊടുവിൽ തിരിച്ചെത്തി

മലിനജലമായ്,ശുദ്ധനിർവൃതി തേടിയവൾ
ആത്മ സൗഭാഗ്യത്തിനായി അവളലഞ്ഞു

അതാ! അപ്രതീക്ഷിതമായ് തീജ്വാലയായ് പ്രവ -
ഹിച്ച കിരണങ്ങളവളെ വിഴുങ്ങി അവളുരുകി
അവൾ നിർവൃതി തേടി അശാന്തതിയിലേക്ക്
അവൾ നിർവൃതി തേടിയകലുകയായ്

മീനാക്ഷി.പി
8 A

# സ്കൂളിൽ നടന്ന മലയാളത്തിളക്കം ക്ലാസുകൾ






# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-2019

## ഹെഡ്മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു




